**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,**
**തിരുവനന്തപുരം.**

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**<u>എച്ച്.ആർ.എം.പി.നമ്പർ : 2465/11/12/2024/റ്റി.വി.എം.</u>**

ഹർജിക്കക്ഷി : ശശി ഭാര്യ ഇന്ദിര, അമ്മു നിവാസ്, മൂർത്തി ക്ഷേത്രത്തിനു സമീപം, കൊല്ലപ്പുഴ, തിരുവനന്തപുരം.

എതിർകക്ഷി : ശശികുമാർ, ശ്രീശൈലം, മീമ്പാട് ക്ഷേത്രത്തിനു സമീപം, കൊടുമൺ, ആറ്റിങ്ങൽ, തിരുവനന്തപുരം.

**<u>ഉത്തരവ് തിയതി : 17-12-2025</u>**

എതിർകക്ഷി ശശികുമാറും ടിയാന്റെ സഹോദരൻ ബിജുകുമാറും ചേർന്ന് വയോധികരായ ഹർജിക്കാരിയെയും ഭർത്താവിനെയും ശാരീരികമായും മാനസികമായും നിരന്തരം പീഢിപ്പിക്കുന്നെന്നും പല പരാതികൾ കൊടുത്തിട്ടും ആറ്റിങ്ങൽ പോലീസ് നടപടി സ്വീകരിക്കുന്നില്ലായെന്നുമാണ് ആവലാതി.

**2.** ഹർജിക്കാരി ഭർത്താവിനോടൊപ്പം ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി. 15-3-2024 ന് വൈകിട്ട് 6.15 മണിക്ക് എതിർകക്ഷി അസഭ്യം പറഞ്ഞുകൊണ്ട് കല്ലെടുത്തെറിഞ്ഞെന്നും അതിനെ തുടർന്ന് ആറ്റിങ്ങൽ സർക്കാർ താലൊക്ക് ആശുപത്രിയിൽ ചികിത്സ നേടിയെന്നും ആറ്റിങ്ങൽ പോലീസ് നടപടിയെടുക്കാത്തതിനാൽ 23-3-2024 ന് ജില്ലാ പോലീസ് മേധാവി (റൂറൽ) തിരുവനന്തപുരത്തിന് 23-3-2024 ന് പരാതി കൊടുത്തിട്ടും FIR register ചെയ്യുകയോ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും ടിയാൾ ആരോപിച്ചു. ജില്ലാ പോലീസ് മേധാവിക്ക് കൊടുത്ത പ്രസ്തുത പരാതിയുടെയും 15-3-2024 തിയതിയിലെ സർക്കാർ താലൂക്ക് ആശുപത്രിയിൽ നിന്നും കൊടുത്ത ഒ.പി. ടിക്കറ്റിന്റെയും പകർപ്പും ടിയാൾ ഹർജിയോടൊപ്പം ഹാജരാക്കിയിരുന്നു.

**3.** പരാതിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് പരാതിയുടെ പകർപ്പ് സഹിതം 7-5-2024 ന് ആറ്റിങ്ങൽ ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് (ISHO) നോട്ടീസ് അയച്ചു. റിപ്പോർട്ട് കിട്ടാത്തതിനാൽ 3-5-2025 ന് ഓർമ്മക്കുറിപ്പും അയക്കുകയുണ്ടായി. എന്നാൽ നാളിതുവരെ ISHO റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ISHO യുടെ മേൽ നടപടി കമ്മീഷൻ വളരെ ഗൗരവപൂർവ്വം വീക്ഷിക്കുന്നു.

4. മേൽ സാഹചര്യത്തിൽ പരാതിക്കാരി വിശദമായ പരാതി ഈ ഉത്തരവിൻെറ പകർപ്പ് സഹിതം ജില്ലാ പോലീസ് മേധാവി (റൂറൽ) തിരുവനന്തപുരത്തിന് കൊടുക്കുക. അപ്രകാരം പരാതി ലഭിച്ചാൽ പ്രാഥമിക അന്വേഷണത്തിനായി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൻെറ (DySP) റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ DPC ചുമതലപ്പെടുത്തണം. കാലതാമസം കൂടാതെ DySP ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും ഹർജിക്കാരി സാക്ഷി പട്ടിക നൽകുകയാണെങ്കിൽ ടി സാക്ഷികളുടെയും മൊഴി രേഖപ്പെടുത്തിയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും cognizable offence വെളിവാക്കുന്നുണ്ടോ ഇല്ലയോ എന്ന വിവരത്തിന് അന്വേഷണ റിപ്പോർട്ട് ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിക്കണം. DySP.യുടെ അന്വേഷണ റിപ്പോർട്ടിൻെറ അടിസ്ഥാനതിൽ cognizable offence വെളിവാകുന്നതായി ബോദ്ധ്യപ്പെട്ടാൽ എഫ്. ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ISHO ക്ക് DPC കൊടുക്കണം. തൻെറ പരതിയിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്ന് ആറ്റിങ്ങൽ ISHO . ക്ക് എതിരെ ഹർജിക്കാരി ആരോപണം ആവർത്തിക്കുന്നതിനാൽ ഉന്നയിക്കുന്നതിനാൽ, മേൽ പറഞ്ഞ പ്രകാരം F.I.R രജിസ്റ്റർ ചെയ്യുകയാണെങ്കിൽ അങ്ങനെ രജിസ്റ്റർ ചെയ്യുന്ന കേസിൻെറ അന്വേഷണം DySP യുടെ മേൽനോട്ടത്തിൽ നടത്തി നിയമാനുസൃത നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കണം.

5. ഹർജിക്കാരിയിൽ നിന്നും ഹർജി ലഭിച്ച് അഞ്ചാഴ്ചക്കുള്ളിൽ മേൽ പറഞ്ഞ നടപടികളെല്ലാം സ്വീകരിച്ച് സമഗ്രമായ ഒരു action taken report ജില്ലാ പോലീസ് മേധാവി (റൂറൽ) തിരുവനന്തപുരം ഈ കമ്മീഷനിൽ സമർപ്പിക്കണം. ജില്ലാ പോലീസ് മേധാവിയുടെ action taken report പരിശോധിച്ച ശേഷം ഹർജിക്കാരിയുടെ മുൻ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്യാതിരുന്ന ആറ്റിങ്ങൽ ISHO ക്കെതിരെ നടപടി സ്വീകരിക്കുന്ന വിഷയം കമ്മീഷൻ പരിഗണിക്കുന്നതാണ്. മേൽ പരഞ്ഞ നിർദ്ദേശങ്ങളോടെ കമ്മീഷൻ ഈ പരാതി തീർപ്പാക്കുന്നു. ഹർജിക്കാരിക്കും ജില്ലാ പോലീസ് മേധാവി (റൂറൽ) തിരുവനന്തപുരത്തിനും ഈ ഉത്തരവിൻെറ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ